# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

### വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

### ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡി.ഐ.ഡി.കെ.11/771/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-20 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡി.ഐ.ഡി.കെ.11/771/2021 തീയ്യതി: 30/09/2021

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 08-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 12-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ടി എസ് ധനജയൻ ഓഡിറ്റ് ഓഫീസർ
ശ്രീ വി ജി സജിമോൻ ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി സാമുവൽ അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി മായ കൃഷ്ണൻ ഓഡിറ്റർ
ശ്രീ ഡെന്നീസ് ജോസഫ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി കെ രാജു | പ്രസിഡന്റ് | 01-04-2020 | 01-11-2020 |
| ഭരണ നിർവ്വഹണ കമ്മറ്റി | പ്രസിഡന്റ് | 02-11-2020 | 29-12-2020 |
| ശ്രീമതി സിന്ധു രാജു | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ എ കെ രാജൻ | സെക്രട്ടറി | 01-04-2020 | 20-04-2020 |
| ശ്രീ സജീവ് പി പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-04-2020 | 24-05-2020 |
| ശ്രീമതി കെ സി പ്രേമലത | സെക്രട്ടറി | 25-05-2020 | 18-06-2020 |
| ശ്രീ ജോഷി കെ മാണി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-06-2020 | 29-06-2020 |
| ശ്രീ ഷാജി എസ് | സെക്രട്ടറി | 30-06-2020 | 19-02-2021 |
| ശ്രീ ബിനു പി എൽ | സെക്രട്ടറി | 20-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ കൃഷ്ണപ്രിയ കെ ബി | മെഡിക്കൽ ഓഫീസർ (ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ സൗമ്യാ കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ രാഹുൽ രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീ ശശീന്ദ്രൻ കെ എൻ | വി.ഇ.ഒ | 01-04-2020 | 14-09-2020 |
| ശ്രീമതി ജോബിഷ ജോസഫ് | വി.ഇ.ഒ | 15-09-2020 | 31-03-2021 |
| ഡോ മനു | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ സജി കെ എ | കൃഷി ഓഫീസർ | 01-03-2020 | 07-08-2020 |
| ... | കൃഷി ഓഫീസർ | 08-08-2020 | 28-08-2020 |
| ശ്രീ അഭിജിത് ടി എച്ച് | കൃഷി ഓഫീസർ | 29-08-2020 | 31-03-2021 |
| ശ്രീ സജീവ് പി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ ബിനാഷ് തോമസ് | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ സജീവ് പി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 18-06-2020 |
| ശ്രീ ജോഷി എം മാണി | അസിസ്റ്റന്റ് സെക്രട്ടറി | 19-06-2020 | 31-03-2021 |
| ശ്രീ ടി യു ഏലിയാസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: V G Sajimon (Audit Officer, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Benny Mathew (Auditor, On 11-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Benny Mathew (Auditor, On 09-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-09-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Benny Mathew (Auditor, On 14-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Benny Mathew (Auditor, On 11-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Benny Mathew (Auditor, On 14-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-09-2021) | 1-6 |
| 7 | ക്ഷേമ പെൻഷൻ വിശദാംശങ്ങൾ<br>Written By: Anitta P Samuel (Asst. Audit Officer, On 17-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 18-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 18-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: T.S.Dhanajayan (Audit Officer, On 18-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-09-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Benny Mathew (Auditor, On 18-08-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 1-11 |
| 12 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: DENNIS JOSEPH (Auditor, On 16-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-09-2021) | 1-12 |
| 13 | ഇ-ടെൻഡർ ഫോം വില, നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 17-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-09-2021) | 1-13 |
| 14 | കുടുംബശ്രീ വനിതകൾക്ക് കാർഷിക സബ്സിഡി - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Maya Krishnan (Auditor, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-14 |
| 15 | വസ്തു നികുതി പരിഷ്കരണം - ഏറ്റവും കുറഞ്ഞ നിരക്ക് നിശ്ചയിച്ചിരിക്കുന്നു<br>Written By: DENNIS JOSEPH (Auditor, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 28-09-2021) | 1-15 |
| 16 | വനിതകൾക്ക് ആട് വളർത്തലിന് സബ്സിഡി നൽകൽ- രേഖകൾ ഹാജരാക്കിയില്ല<br>Written By: Maya Krishnan (Auditor, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-16 |
| 17 | പാലിയേറ്റീവ് കെയർ- മരുന്ന് ലഭ്യമാകാത്തത്<br>Written By: Benny Mathew (Auditor, On 10-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-17 |
| 18 | ടാറിംഗ് പ്രവൃത്തികൾ - കാലിവീപ്പ വില ഈടാക്കിയില്ല<br>Written By: V G Sajimon (Audit Officer, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 28-09-2021) | 1-18 |
| 19 | പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി ഗുണഭോക്തൃ വിഹിതമില്ലാതെ കുടിവെള്ള പദ്ധതികൾ നടപ്പാക്കി<br>Written By: V G Sajimon (Audit Officer, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-19 |
| 20 | വസ്തുതകൾ വിലയിരുത്താതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി<br>Written By: V G Sajimon (Audit Officer, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-20 |
| 21 | സാങ്കേതികമായി ആവശ്യമില്ലാത്തതും ഉയർന്ന നിരക്കുള്ളതുമായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി<br>Written By: V G Sajimon (Audit Officer, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-21 |
| 22 | ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ -വിതരണ ഏജൻസി ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല<br>Written By: Benny Mathew (Auditor, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-22 |
| 23 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്ലാൻ ഫണ്ട് അക്കൌണ്ടും തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ അക്കൌണ്ടുകളും നിലനിർത്തുന്നു.<br>Written By: Benny Mathew (Auditor, On 18-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 1-23 |
| 24 | തെരുവ് വിളക്ക് മെയിന്റനൻസ്<br>Written By: T.S.Dhanajayan (Audit Officer, On 18-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-09-2021) | 1-24 |
| 25 | ഷോപ്പിംഗ് കോംപ്ലക്സ് നിർമാണത്തിലെ അപാകതകൾ- ഉദ്ഘാടനം പോലും കഴിയാത്ത ബഹുനില കെട്ടിടം ചോർന്നൊലിക്കുന്നു<br>Written By: V G Sajimon (Audit Officer, On 18-08-2021)<br>Last Updated By: Jomon Francis (Senior Grade Auditor, On 30-09-2021) | 1-25 |
| 26 | കോവിഡുമായി ബന്ധപ്പെട്ട ചെലവുകൾ<br>Written By: Anitta P Samuel (Asst. Audit Officer, On 18-09-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 18-09-2021) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സാങ്കേതികമായി ആവശ്യമില്ലാത്തതും ഉയർന്ന നിരക്കുള്ളതുമായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി<br>Written By: V G Sajimon (Audit Officer, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Benny Mathew (Auditor, On 11-08-2021) | 4-1 |

| | | |
|---|---|---|
| | Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Maya Krishnan (Auditor, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകൾ<br>Written By: T.S.Dhanajayan (Audit Officer, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ മുൻകൂർ വിവരം<br>Written By: T.S.Dhanajayan (Audit Officer, On 18-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: T.S.Dhanajayan (Audit Officer, On 17-08-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 30-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: T.S.Dhanajayan (Audit Officer, On 18-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anitta P Samuel (Asst. Audit Officer, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Benny Mathew (Auditor, On 10-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Benny Mathew (Auditor, On 17-08-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 17-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.S.Dhanajayan (Audit Officer, On 17-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Benny Mathew (Auditor, On 26-08-2021)<br>Last Updated By: C R Beenakumary (Deputy Director, On 30-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

തൻവർഷത്തെ ബജറ്റ് സംഗ്രഹം ചുവടെ ചേർക്കുന്നു

| | |
|---|---|
| ബജറ്റ് അംഗീകരിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം./തീയതി | 01/16.3.2020 |
| ബജറ്റ് അവതരിപ്പിച്ച തീയതി | 23.03.2020 |
| ബജറ്റ് അംഗീകരിച്ച ഭരണസമിതി തീരുമാനം/തീയതി | 1/30.03.2020 |
| പ്രതീക്ഷിത വരവ് | ₹25,82,39,651 |
| പ്രതീക്ഷിത ചെലവ് | ₹25,64,67,420 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുസരിച്ച് ജനവരി മാസത്തിനുള്ളിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും തുടർന്നുള്ള വർഷത്തേക്കാവശ്യമുള്ള ധനവിനിയോഗത്തിന്റെ വിശദാംശങ്ങൾ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതീക്ഷിത വരവ്-ചെലവുകൾ നിർണയിക്കേണ്ടതും മാർച്ച് ആദ്യ വാരത്തിനുള്ളിൽ ഭരണസമിതി മുൻപാകെ അവതരിപ്പിക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത നടപടി ക്രമങ്ങൾ മുൻവർഷത്തേതിന് വിപരീതമായി മാർച്ചിലെ അവസാന രണ്ടാഴ്ച കാലയളവിലാണ് പൂർത്തീകരിച്ചത്. പ്രതീക്ഷിത തുകകൾ മുൻവർഷത്തെ യഥാർത്ഥ തുകകളോട് നീതി പുലർത്തും വിധം നിർണയിച്ച് ഉൾപ്പെടുത്തിയാൽ മാത്രമാണ് ബജറ്റിന്റെ യഥാർത്ഥ ലക്ഷ്യമായ സാമ്പത്തിക അച്ചടക്കം പാലിക്കൽ സാർത്ഥകമാകുന്നത്. തൻ വർഷത്തെ പ്രതീക്ഷിത വരവ്-ചെലവ് തുകകളും യഥാർത്ഥ വരവ്-ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് സമയബന്ധിതവും ശാസ്ത്രീയവുമായി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 25.06.2021 | -- | -- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹2,12,32,515.59 |
| വരവ് | ₹11,82,29,625.00 |
| ആകെ | ₹13,94,62,140.59 |
| ചെലവ് | ₹12,15,06,126.00 |
| നീക്കിയിരിപ്പ് | ₹1,79,56,014.59 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് /ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 20796800 | 20796800 | 18838090 | 1958710 |
| | എസ്.സി.പി | 0 | 2052087 | 2052087 | 1284331 | 767756 |
| | റ്റി.എസ്.പി | 0 | 1345903 | 1345903 | 1291340 | 54563 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 19588871 | 19588871 | 18483736 | 1105135 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 6487709 | 6487709 | 6074970 | 412739 |
| | റോഡ് | 0 | 29922000 | 29922000 | 29922000 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 17463 | 3054187 | 3071650 | 1220090 | 1851560 |
| | തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 103058903 | 103058903 | 103058903 | 0 |
| | 100 ദിന തൊഴിൽ പ്രോത്സാഹനം | 0 | 1796000 | 1796000 | 1796000 | 0 |
| | ഐ.സി.ഡി.എസ് | 136855 | 1195718 | 1332573 | 1017220 | 315353 |
| | ടോട്ടൽ സാനിറ്റേഷൻ | 25000 | 0 | 25000 | 0 | 25000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | ശുചിത്വമിഷൻ | 1117051 | 3085691 | 4202742 | 2168785 | 2033957 |
| | ജലനിധി | 522375 | 1669329 | 2191704 | 150978 | 2040726 |
| | വിമുക്തി | 20000 | 0 | 20000 | 20000 | 0 |
| | ടോട്ടൽ സാനിറ്റേഷൻ-പലിശ | 14148 | 0 | 14148 | 0 | 14148 |
| | എം. എൽ. എ. ഫണ്ട് | 343245 | 0 | 343245 | 343245 | 0 |
| | എം. എൽ. എ. ഫണ്ട് - രാജമുടി VFPCK | 400000 | 0 | 400000 | 0 | 400000 |
| | സാക്ഷരത | 1202 | 36 | 1238 | 20 | 1218 |
| | സ്കൂൾ ശുചിമുറി നിർമ്മാണ ഫണ്ട് | 399235 | 0 | 399235 | 0 | 399235 |
| | എം.എൻ. ലക്ഷംവീട് | 214003 | 6400 | 220403 | 0 | 220403 |
| | കേരളോത്സവം | 40000 | 0 | 40000 | 40000 | 0 |
| | പകർച്ചവ്യാധി നിയന്ത്രണ ഫണ്ട് | | 500000 | 500000 | 500000 | 0 |
| മറ്റ് ഫണ്ടുകൾ | ലൈഫ് ഭവനപദ്ധതി | 2133300 | 3245008 | 5378308 | 3196939 | 2181369 |
| | നല്ല അംഗൻവാടികള്ള അവാർഡ് | 10000 | 0 | 10000 | 0 | 10000 |
| | മറ്റ് ഗ്രാന്റുകൾ (320100299) | 300500 | 0 | 300500 | 0 | 300500 |
| | പ്രളയ ദുരിതാശ്വാസ | | 40 | 40 | 0 | 40 |

| | | | | | | |
|---|---|---|---|---|---|---|
| | ഗ്രാന്റ് | | | | | |
| | മറ്റ് ഗ്രാന്റുകൾ (320499199) | 59536 | 0 | 59536 | 0 | 59536 |

സർക്കാർ ഉത്തരവ് പദ്ധതികളുടെ കറയ്ക്കലുകൾ എ.സി.ആർ-ൽ പ്രതിഫലിക്കുന്നില്ലാത്തതിനാൽ ജനറൽ, എസ്സ്. സി.പി., റ്റി.എസ്.പി., ധനകാര്യ കമ്മീഷൻ ഗ്രാന്റ് പദ്ധതികളുടെ ചെലവ് സുലേഖ പത്രിക പ്രകാരമുള്ളതാണ് ചേർത്തിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | അടങ്കൽ ₹ | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 4838719 | 6 | 2195436 | 1 | 45.37 |
| വെറ്ററിനറി സർജൻ | 3 | 4127500 | 2 | 65250 | 1 | 1.581 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 2 | 1161810 | 2 | 894634 | 0 | 77.00 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 300000 | 1 | 300000 | 0 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 800000 | 2 | 800000 | 0 | 100 |
| വി.ഇ.ഒ.-1 | 9 | 18409638 | 8 | 7890559 | 1 | 42.86 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 5 | 5109750 | 3 | 3454578 | 2 | 67.61 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 6445630 | 3 | 3223636 | 0 | 50.01 |
| സെക്രട്ടറി | 21 | 23956185 | 17 | 18005492 | 4 | 75.16 |
| വി.ഇ.ഒ.-2 | 4 | 3257892 | 2 | 467000 | 2 | 14.33 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 129 | 85016903 | 100 | 63563916 | 29 | 74.77 |
| അസി. സെക്രട്ടറി | 4 | 1946000 | 2 | 512356 | 2 | 26.33 |
| ആകെ | 190 | 155370027 | 148 | 101372857 | 42 | |

190 പദ്ധതികൾക്കായി ₹15,53,70,027/- വകയിരുത്തിയിരുന്നവെങ്കിലും 148 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത് (₹10,13,72,857/- മാത്രമാണ് ചെലവ്).

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് /ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 17463 | 3054187 | 3071650 | 1220090 | 1851560 |
| | തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 103058903 | 103058903 | 103058903 | 0 |
| | 100 ദിന തൊഴിൽ പ്രോത്സാഹനം | 0 | 1796000 | 1796000 | 1796000 | 0 |

## 1-7 ക്ഷേമ പെൻഷൻ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4419200 | 300 |
| വാർദ്ധക്യകാല പെൻഷൻ | 28009300 | 1862 |
| വികലാംഗ പെൻഷൻ | 5048600 | 345 |
| അവിവാഹിത പെൻഷൻ | 274800 | 19 |
| വിധവാ പെൻഷൻ | 13393900 | 935 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2021-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ചെക്ക് ഉൾപ്പെടെ ₹20,640/-ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. വസ്തു നികതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന അസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.

6. തനതുവരുമാനം

അടിസ്ഥാന വസ്തുനികതി ₹3/- മാത്രമാണ്. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നവെന്ന് ഉറപ്പ് വരുത്തുകയും കടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി

സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ നികുതി നിർദ്ദേശങ്ങളൊന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉയർന്ന് വന്നിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.04.2021 | 06/2020-12/2020 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.08.2009 മുതൽ 26.08.2009 വരെ | 2004-05 മുതൽ 2008-09 വരെ | 24.09.2009 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. (I) ബി-4 ഷെഡ്യൂളിൽ പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച വിവിധ ഫണ്ടുകളിലെ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ ഏതൊക്കെ അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.
2. Balance Sheet-ലെ B(5), B(16) ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. അനുബന്ധ രേഖകൾ ലഭ്യമാക്കാത്തതിനാൽ വ്യത്യാസ തുക മറ്റേതെങ്കിലും അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാനായില്ല.
3. ഡെപ്പോസിറ്റ് രജിസ്റ്റർ ഇല്ലാത്തതിനാൽ ഷെഡ്യൂൾ ബി-7-ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.
4. ബി-9 ഷെഡ്യൂൾ പ്രകാരം അദർ ലയബിലിറ്റീസ് എന്ന ഹെഡിൽ ₹92,613/- ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.
6. വാർഷിക കണക്കിൽ ആസ്തികളുടെ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.
7. വസ്തു നികുതിയിനത്തിൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| വസ്തു നികുതി | കടിശ്ശിക | വാർഷിക കണക്കുകൾ പ്രകാരം വർഷാവസാനം പിരിഞ്ഞ് കിട്ടാനുള്ള തുകകൾ ₹ | സഞ്ചയ പ്രകാരം വർഷാവസാനം പിരിഞ്ഞ് കിട്ടാനുള്ള തുകകൾ ₹ |
|---|---|---|---|
| Non Residential | Arrears | 1186308 | 251746 |
| | Current | 892424 | 274955 |
| Residential | Arrears | 131209 | 195432 |
| | Current | 19563 | 390733 |

8. കടിശ്ശിക തുകകൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.
9. എം. എൻ. ലക്ഷംവീട് പദ്ധതിയിൽ തുക ബാക്കിനിൽക്കുന്നതായി ബി-17 കാണുന്നു. പ്രസ്തുത തുക ബാദ്ധ്യതയായി ബി-4-ൽ കാണിച്ചിട്ടില്ല.
10. അഡ്വാൻസ് രജിസ്റ്റർ ഇല്ലാത്തതിനാൽ ഷെഡ്യൂൾ ബി-18-ലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.
11. ഗ്രാമപഞ്ചായത്തിന് ലഭിച്ച താഴെ പറയുന്ന ചെക്കുകൾ SCB-യിൽ Own Fund (450230103)ൽ സമർപ്പിച്ചെങ്കിലും ഇതുവരെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല.

| ചെക്ക് നം. | തീയതി | തുക ₹ |
|---|---|---|
| 8637611 | 04.03.2021 | 16250 |
| 694475 | 03.02.2021 | 10272 |
| 1286628 | 22.02.2021 | 41000 |
| 1286629 | 22.02.2021 | 43100 |

12. വാർഷിക കണക്ക് പ്രകാരമുള്ള ജവഹർ ലോൺ നീക്കിയിരിപ്പ് തുക, ലോൺ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

1-11-1) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകത

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രികയിലെ ഇനങ്ങളുടെ യഥാർത്ഥ വരവ്-ചെലവ്-നീക്കിയിരിപ്പ് തുകകളുമായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-12 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2019-20-ൽ 225 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ 2020-21-ൽ 129 സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് നൽകിയിട്ടുള്ളൂ. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് ബാധ്യതപ്പെട്ട ഗ്രാമപഞ്ചായത്ത് ലൈസൻസ് കൂടാതെ അപകടകരമായ വ്യാപാരങ്ങളും വ്യവസായങ്ങളും നിർബാധം നടത്തുന്നതിന് മൗനാനുവാദം നൽകുന്ന നടപടി ക്രമവിരുദ്ധമാണ്. അടിയന്തിരമായി നടപടി സ്വീകരിച്ച് എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തുവെന്ന് ഉറപ്പാക്കുക. നിലവിൽ അപേക്ഷകൻ എത്തുന്ന മുറക്ക് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന നടപടി ക്രമരഹിതമാണ്. സ്ഥാപനത്തിന് ഡിമാന്റ് നമ്പർ നൽകി ലൈസൻസ് എടുക്കുന്നതിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങൾ ഒഴിവാകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ധനകാര്യ-ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-13 ഇ-ടെൻഡർ ഫോം വില, നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ഇ-ടെൻഡർ നടപടികളിലൂടെ 37 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ ( ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില |
|---|---|---|
| 2020-21 | 37 | 95900 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-14 കുടുംബശ്രീ വനിതകൾക്ക് കാർഷിക സബ്സിഡി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

2020-21 ൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ കുടുംബശ്രീ യൂണിറ്റുകൾക്ക് ഭക്ഷ്യോൽപാദനത്തിന് സബ്സിഡി എന്ന പദ്ധതിയിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | 208 | കുടുംബശ്രീ യൂണിറ്റുകൾക്ക് ഭക്ഷ്യോൽപാദനത്തിന് സബ്സിഡി | 1400000 2020-21 ൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ കുടുംബശ്രീ യൂണിറ്റുകൾക്ക് ഭക്ഷ്യോൽപാദനത്തിന് സബ്സിഡി പദ്ധതിയിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു. | 620000 | ₹250000/- 20101252010201164706/26-02-21 ₹45000/- 20101252010201380668/26-03-21 ₹110000/- 20101252010201308475/20-03-21 ₹20000/- 20101252010201327995/23-03-21 ₹185000/- |

| | | | | | |
|---|---|---|---|---|---|
| | | | | | 20101252010201235864/12-03-21<br>₹10000/-<br>20101252010201327984/23-03-2 |

കൃഷി ചെയ്തത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനോ, കൃഷി മോണിട്ടറിങ്ങ് സമിതിയിലെ അംഗങ്ങളോ പരിശോധന നടത്തിയിട്ടില്ല.

കുടുംബശ്രീ യൂണിറ്റുകൾ കൃഷി നടത്തിയ സ്ഥലവിസ്തൃതി, ഇനം എന്നിവ സംബന്ധിച്ച രേഖകളില്ലാതെ അപേക്ഷ സമർപ്പിച്ച എല്ലാ ഗുണഭോക്താക്കൾക്കും പ്രോജക്ട് പ്രകാരം അനുവദിക്കാവുന്ന പരമാവധി തുകയായ ₹5,000/- വീതം നൽകിയിരിക്കുന്നു. ആവശ്യമായ രേഖകളോ, പരിശോധനകളോ കൂടാതെ ആനുകൂല്യം വിതരണം ചെയ്തതിനാൽ ചെലവ് തുക ₹6,20,000/- തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 വസ്തു നികതി പരിഷ്കരണം - ഏറ്റവും കുറഞ്ഞ നിരക്ക് നിശ്ചയിച്ചിരിക്കുന്നു

വസ്തുനികതി അനുവദനീയ നിരക്കും നിലവിൽ പഞ്ചായത്ത് ഈടാക്കുന്ന അടിസ്ഥാന നിരക്കുകളും താഴെ ചേർക്കുന്നു.

| Sl.No | Function | കെട്ടിടങ്ങളുടെ എണ്ണം | Minimum Rate | Maximum Rate | Current Rate |
|---|---|---|---|---|---|
| 1 | പാർപ്പിടാവശ്യം | 10534 | 3 | 8 | 3 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 1406 | 30 | 60 | 30 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 87 | 50 | 70 | 50 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച. മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 3 | 30 | 60 | 30 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ 200 ച. മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 0 | 70 | 90 | 70 |
| 6 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 4 | 30 | 60 | 30 |
| 7 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 38 | 30 | 50 | 30 |
| 8 | വിദ്യാഭ്യാസാവശ്യം | 28 | 3 | 8 | 3 |
| 9 | ആശുപത്രികൾ | 10 | 3 | 8 | 3 |
| 10 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 39 | 20 | 40 | 20 |
| 11 | വ്യവസായത്തിനാവശ്യമുള്ളവ-കൈത് | 306 | 10 | 20 | 10 |
| 12 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 38 | 40 | 60 | 40 |
| 13 | റിസോർട്ടുകൾ | 0 | 80 | 90 | 80 |
| 14 | അമ്യൂസ്മെന്റ് പാർക്ക് | 0 | 20 | 40 | 20 |
| 15 | മൊബൈൽ ടെലഫോൺ ടവർ | 16 | 400 | 500 | 400 |
| 16 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 0 | 30 | 60 | |

വസ്തു നികതി എല്ലാ ഇനങ്ങളിലും അനുവദനീയമായ സ്ലാബുകളിലെ ഏറ്റവും കുറഞ്ഞ നിരക്കാണ് നിലവിൽ ഈടാക്കി വരുന്നത്. ഏറ്റവും കുറഞ്ഞ നിരക്കിൽ ഈടാക്കുന്നതിന് പകരം വസ്തുനികതികൾ ഉയർത്തി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. വരുമാന നഷ്ടം ഒഴിവാക്കുന്നതിനായി വസ്തു നികതി പരിഷ്കരിക്കുന്നത് പരിഗണിക്കേണ്ടതാണ്.

## 1-16 വനിതകൾക്ക് ആട് വളർത്തലിന് സബ്സിഡി നൽകൽ- രേഖകൾ ഹാജരാക്കിയില്ല

2020-21-ൽ വെറ്റിനറി സർജൻ നടപ്പാക്കിയ വനിതകൾക്ക് ആട് വളർത്തലിന് സബ്സിഡി നൽകൽ പദ്ധതിയുടെ വിശദാംശങ്ങൾ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത് താഴെ സൂചിപ്പിക്കുന്നു.

| പദ്ധതി | പ്രൊജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| വനിതകൾക്ക് ആട് വളർത്തലിന് സബ്സിഡി നൽകൽ | 32 | 1290000 | 45000<br>(22500*2) |

ചെലവ് സംബന്ധമായ രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.4/16.08.2021 നൽകിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. ആയതിനാൽ ₹45,000/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫയൽ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 പാലിയേറ്റീവ് കെയർ- മരുന്ന് ലഭ്യമാകാത്തത്

മെഡിക്കൽ ഓഫീസർ (PHC) നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതി പ്രകാരമുള്ള മരുന്ന്/ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

| പദ്ധതി | ചെലവ് വിവരങ്ങൾ | തത് സ്ഥിതി |
|---|---|---|
| പാലിയേറ്റീവ് കെയർ പദ്ധതി (92/21) | ബിൽ നം.11/ 30.03.2021 ₹2,16,528/- | മരുന്ന് വാങ്ങലിന് KMCL-ന് തുക ₹2,11,518/- നൽകിയെങ്കിലും മരുന്ന്/ഉപകരണങ്ങൾ ലഭ്യമായില്ല. |

പ്രസ്തുത മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ടാറിംഗ് പ്രവൃത്തികൾ - കാലിവീപ്പ വില ഈടാക്കിയില്ല

2016-ലെ ഡെൽഹി ഷെഡ്യൂൾ നിരക്ക് അടിസ്ഥാനപ്പെടുത്തിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. പ്രൈസ് (PRICE) സോഫ്റ്റ് വെയർ ഇതിനായി ഉപയുക്തമാക്കുന്നു. ഇതിൽ തയ്യാറാക്കപ്പെടുന്ന ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ Packed Bitumin-ന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആകയാൽ കരാറുകാരന് അധിക ലാഭമുണ്ടാകുന്നത് ഒഴിവാക്കുന്നതിനായി കാലിവീപ്പയുടെ മൂല്യം ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്യാൻ സർക്കാർ നിർദ്ദേശമുള്ളതാണ്. എന്നാൽ ചുവടെ ചേർക്കുന്ന റീ-ടാറിംഗ് പ്രോജക്ടിന്റെ ബില്ലിൽ നിന്ന് പ്രസ്തുത തുക ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം./ | എസ്. 162/2021, പാറസിറ്റി നെല്ലുവേലിപ്പടി കോട്ടക്കല്ലിമല |

| | |
|---|---|
| പേര് | റോഡ് പുനരുദ്ധാരണം |
| അടങ്കൽ തുക | ₹3,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>₹4,00,000/- (ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡ്) )<br>ആകെ = ₹7,00,000/- |
| കരാറുകാരൻ | ശ്രീ. എ. എ. എബ്രഹാം |
| കരാർ നം./ തീയതി | 10/AE/LSGD/VTY/19-20 തീ. 30.09.2019 |
| അളവു പുസ്തകം | 337/19-20 |
| ആകെ ബിൽ തുക | കരാർ നം./തീയതി / ₹6,95,920/-<br>(₹3,00,000/- ബിൽ നം. 35/20-21 തീ. 12.05.2020<br>₹3,95,920/- ബിൽ നം. 06/20-21 തീ. 20.04.2020 ) |

അളവ് പുസ്തകപ്രകാരം പ്രവൃത്തിക്ക് ഉപയോഗിച്ച ബിറ്റുമിന്റെ അളവ്

| ബിറ്റുമിന്റെ ഇനം | ഉപയോഗിച്ച അളവ് ( കി. ഗ്രാം ) | ഒരു വീപ്പയിലുള്ള അളവ് (കി. ഗ്രാം ) | വീപ്പകളുടെ എണ്ണം |
|---|---|---|---|
| SS1 | 848.97 | 181.75 | 05 |
| RS1 | 274.66 | 181.75 | 02 |
| S65 (VG 30) | 2107.44 | 156 | 14 |
| ആകെ വീപ്പകളുടെ എണ്ണം | | | 21 |

| | |
|---|---|
| ഒരു കാലിവീപ്പയുടെ മൂല്യം | ₹238/- + 18% GST |
| കരാറുകാരനിൽനിന്ന് ഈടാക്കേണ്ട 21 വീപ്പകളുടെ മൂല്യം | 21 X 238 = 4,998/- |
| ബാധകമായ GST | (238 X 18% ) X 21 = ₹900/- |
| ആകെ | ₹5,898/- |

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ.(പി)നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10അനുസരിച്ച്, (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ കൂടി കാണുക). കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ടിനുവേണ്ടി ധനകാര്യ കമ്മീഷൻ ഗ്രാന്റും ആസ്തി സംരക്ഷണ ഗ്രാന്റും (റോഡ്) വിനിയോഗിച്ചിട്ടുള്ളതിനാൽ കൂടുതലായി ചെലവഴിച്ച ആസ്തി സംരക്ഷണ ഗ്രാന്റിന്റെ കണക്ക ശീർഷകമായ 3054-911-Deduct Recoveries Of Overpayments-ലേക്ക് പ്രസ്തുത തുക തിരികെ ഒടുക്കേണ്ടിയിരുന്നു. കാലിവീപ്പകളുടെ മൂല്യം കരാറുകാരനിൽ നിന്നോ, ബില്ലിൽ നിന്ന് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസി. എൻജിനിയർ ശ്രീ. ടി. യു. ഏലിയാസിൽ നിന്നോ ഈടാക്കി മേൽ പരാമർശിച്ച കണക്ക് ശീർഷകത്തിലും GST തുക അതിന്റെ ശീർഷകത്തിലും സർക്കാരിലേക്ക് ഒടുക്കേണ്ടതാണ് (തുക ഒടുക്കാൻ കരാറുകാരന് രേഖാമൂലം നിർദ്ദേശം നൽകിയതായി കത്തിന്റെ പകർപ്പ് സഹിതം ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/തീ.16.08.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി ഗുണഭോക്തൃ വിഹിതമില്ലാതെ കുടിവെള്ള പദ്ധതികൾ നടപ്പാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എൻജിനീയർ (LSGD)

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.01.2018-ലെ ജി.ഒ.(എം.എസ്.)11/2018 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗരേഖയുടെ ഖണ്ഡിക 7.1.6.(ബി)(6) ഖണ്ഡിക അനുസരിച്ച്, എല്ലാ കുടിവെള്ള പ്രോജക്ടുകൾക്കും പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് തൻവർഷം ഏറ്റെടുത്ത മൂന്ന് കുടിവെള്ള പദ്ധതികളുടെ വിപുലീകരണ-നവീകരണ പദ്ധതികൾ പൂർണമായും ഗ്രാമപഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചാണ് നടപ്പാക്കിയത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | വിനിയോഗിച്ച തുക ₹ | ഫണ്ട് | ബിൽ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | എസ്227/21 കിളിക്കാട്ടുത്തോട്ടം കുടിവെള്ളപദ്ധതി | 87848 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 20101252010501412366/തീ. 28.03.2021 |
| 2 | എസ്230/21 മുങ്ങാപ്പാറ കുടിവെള്ളപദ്ധതി | 145352 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 20101252010501412308/തീ. 28.03.2021 |
| 3 | എസ്218/21 ദൈവംമേട് നിരപ്പ് കുടിവെള്ളപദ്ധതി | 199804 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 20101252010501131059/തീ. 23.02.2021 |
| | ഒട്ടാകെ | 433004 | | |

മുൻ പഞ്ചവത്സര പദ്ധതികളുടെ കാലയളവിൽ കമ്മീഷൻ ചെയ്യപ്പെട്ടവയാണ് പ്രസ്തുത പ്രോജക്ടുകൾ. ക്രമ നമ്പർ 1 പ്രകാരമുള്ളത് പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കുന്നതിനും 2-ാമത്തേത് പൈപ്പ് ലൈൻ ശൃംഖല വിപുലീകരിക്കുന്നതിനും ക്രമ നമ്പർ 3 ജലസ്രോതസ്സായ കിണറിന് 7 കോൺക്രീറ്റ് റിംഗുകൾ സ്ഥാപിക്കുന്നതിനുമാണ് ലക്ഷ്യമിട്ടത്. പൊതുവിഭാഗത്തിൽപ്പെട്ട പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണത്തിന്

ഗുണഭോക്തൃവിഹിതം സമാഹരിക്കാൻ സാഹചര്യമുണ്ടായിരിക്കെ അത്തരം സാധ്യതകൾ പരീക്ഷിക്കാതെ തുക പൂർണമായി പഞ്ചായത്ത് ഫണ്ടിൽ വിനിയോഗിച്ച നടപടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പദ്ധതി മാർഗ്ഗരേഖ നിർദ്ദശം അതിലംഘിച്ച് ഫണ്ട് വിനിയോഗിച്ചതിനാൽ ചെലവ് തുക ₹4,33,004/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 വസ്തുതകൾ വിലയിരുത്താതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി

പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./പേര് | എസ്.089/2020, 186/2021<br>പുളിയുപ്പടി എൻക്രോച്ച്മെന്റ് റോഡ്<br>പുനരുദ്ധാരണം |
| അടങ്കൽ തുക | പുനരുദ്ധാരണം ₹10,00,000/-<br>(ആസ്തി പരിപാലന ഗ്രാന്റ് ) |
| PAC | ₹8,78,242/- |
| കരാറുകാരൻ | ശ്രീ. എ. എ. എബ്രഹാം |
| കരാർ നം./തീയതി | 27/AE/LSGD/VTY/19-20 തീ. 24.10.2019 |
| അളവു പുസ്തകം | 116/2020-21 |
| സൈറ്റ് കൈമാറിയ തീയതി | 29.10.2019 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 31.3.2020 |
| യഥാർത്ഥത്തിൽ പൂർത്തീകരിച്ച തീയതി | 22.03.2021 |
| ബിൽ വിവരങ്ങൾ | CC1 & Part<br>₹7,04,372/-<br>(നികുതി വിഹിതങ്ങൾ ₹26,492/-)<br>കരാറുകാരന് നൽകിയ അറ്റ തുക ₹6,78,240/-<br>ബിൽ നം.76/2020-21/തീ. 22.01.2021<br>CC II & Final<br>₹2,78,900/- (നികുതി വിഹിതങ്ങൾ ₹8,636/- ) )<br>ബിൽ തയ്യാറാക്കിയെങ്കിലും പിൻവലിച്ചിട്ടില്ല ) |

പ്രസ്തുത റോഡ് നവീകരണ പദ്ധതിക്കായി കരാർ തീയതിയായ 29.10.2019-ൽ തന്നെ സൈറ്റ് കരാറുകാരന് കൈമാറി നൽകിയിരുന്നു. പ്രവൃത്തി പൂർത്തീകരണത്തിന് 5 മാസത്തോളം കരാറുകാരന് ലഭിച്ച ശേഷമാണ്, രാജ്യമൊട്ടാകെ കോവിഡ് മഹാമാരി മുൻനിർത്തി ലോക്ക്ഡൗൺ 25.03.2020-ൽ പ്രഖ്യാപിക്കപ്പെട്ടത്. സമ്പൂർണ ലോക്ക്ഡൗൺ നിലവിലിരുന്ന 30.03.2020-ൽ കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് 30.06.2020 വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി. "കോവിഡ് മൂലം ലോക്ക്ഡൗൺ ആയതിനാൽ പണി പൂർത്തീകരിക്കാൻ സാധിച്ചില്ല" എന്നതായിരുന്നു കരാറുകാരൻ കാലാവധി നീട്ടുന്നതിന് സമർപ്പിച്ച കാരണം. രാജ്യം സമ്പൂർണ ലോക്ക് ഡൗണിലായിരുന്ന 30.3.2020-ൽ പ്രസ്തുത അപേക്ഷ എങ്ങനെ സമർപ്പിക്കപ്പെട്ടുവെന്നത് വിശദീകരിക്കപ്പെടേണ്ടതാണ്. ലോക്ക് ഡൗൺ പ്രഖ്യാപിക്കുന്ന തീയതിയുടുത്തുവരെ (25.03.2020) രാജ്യത്ത് ഭീതിദയമായ അവസ്ഥയുണ്ടായിരുന്നില്ലായെങ്കിലും അപേക്ഷയിൽ പരാമർശിച്ച കാരണത്തിലെ വസ്തുതകൾ വിലയിരുത്താതെ 30.06.2020 വരെ സമയം ദീർഘിപ്പിച്ച നൽകി. 2020 മെയ് 31-ന് ലോക്ക് ഡൗൺ പിൻവലിച്ചെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാതെ 29.06.2020-ൽ വീണ്ടും കാലാവധിക്ക് അപേക്ഷിച്ചു. ആദ്യം സമർപ്പിച്ച അതേ കാരണം തന്നെയാണ് പ്രസ്തുത അപേക്ഷയിലും ചൂണ്ടിക്കാട്ടിയിരുന്നത്. അത് അംഗീകരിച്ച് 31.12.2020 വരെ കരാർ കാലാവധി ദീർഘിപ്പിച്ച നൽകിയെങ്കിലും യഥാർത്ഥത്തിൽ പ്രവൃത്തി പൂർത്തീകരിച്ചത് 22.03.2021-ൽ മാത്രമാണ്. കരാർ ദീർഘിപ്പിക്കുന്നതിന് അപേക്ഷയ്ക്കൊപ്പം സപ്ലിമെന്ററി എഗ്രിമെന്റ് ഹാജരാക്കിയിരുന്നുമില്ല.

കോവിഡ് മഹാമാരി മൂലമുള്ള ലോക്ക്ഡൗൺ പ്രഖ്യാപിക്കുന്നതിന് വളരെ മുൻപുതന്നെ വേണ്ടത്ര സമയം ലഭിച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കാതെ വാസ്തവ വിരുദ്ധമായ കാരണം ചൂണ്ടിക്കാട്ടി സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് സമയം ദീർഘിപ്പിച്ച് നൽകിയ നടപടി ക്രമപ്രകാരമുള്ളതല്ല. ഇത്തരത്തിൽ ദീർഘിപ്പിച്ച് നൽകിയ സമയപരിധി കഴിഞ്ഞ് 3 മാസത്തിന് ശേഷമാണ് പ്രവൃത്തി പൂർത്തീകരിച്ചതെങ്കിലും 2012-ലെ കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1-ൽ പരാമർശിക്കുംപ്രകാരമുള്ള പിഴ ഈടാക്കാതിരുന്നതും അംഗീകരിക്കാവുന്ന വസ്തുതയല്ല. കരാറുകാരനിൽനിന്ന് ഈടാക്കേണ്ടിയിരുന്ന പിഴ ചുവടെ ചേർക്കുന്നു. (പൊതുമരാമത്ത് വകുപ്പിന്റെ 01.02.2012-ലെ ജി.ഒ.(പി)13/2012 പ്രകാരം ഭേദഗതി ചെയ്ത പൊതുമരാമത്ത് വകുപ്പ് മാനവൽ, സെക്ഷൻ 2112, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 18.08.2018-ലെ എ.സി.2/223/15/തസ്വഭവ. സർക്കുലർ എന്നിവ പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിശദാംശങ്ങൾ).

( 30.06.2020 വരെയുള്ള പൂർത്തീകരണ കാലയളവ് അംഗീകരിക്കുന്നു.)

PAC ₹8,78,242/-

| കാലയളവ് | നിരക്ക് | ഈടാക്കേണ്ട പിഴ ₹ |
|---|---|---|
| 01.07.2020 മുതൽ 30.09.2020വരെ | 1 % | 8782 |
| 01.10.2020 മുതൽ 31.12.2020വരെ | 2 % | 17564 |
| 01.01.2021 മുതൽ 22.03.2021 വരെ | 2 % | 17564 |
| ആകെ | | 43910 |

ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ പിൻവലിച്ചിട്ടില്ല. തയ്യാറാക്കിയ ഫൈനൽ ബില്ലിൽ പിഴ പരാമർശിക്കുന്നുമില്ല. വാസ്തവ വിരുദ്ധമായ കാരണം അംഗീകരിച്ച് കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയ നടപടിക്ക് വിശദീകരണം നൽകേണ്ടതാണ്. മേൽ പരാമർശിക്കുന്ന പട്ടികയിൽ പരാമർശിക്കുന്ന നിരക്കിലുള്ള പിഴ ഈടാക്കി കരാറുകാരന് തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

കരാറുകാരനിൽനിന്ന് ഫൈൻ ഈടാക്കാൻ നോട്ടീസ് നൽകിയതായി കത്തിന്റെ പകർപ്പ് സഹിതം ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 03/തീ. 16.08.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-21 സാങ്കേതികമായി ആവശ്യമില്ലാത്തതും ഉയർന്ന നിരക്കുള്ളതുമായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ധനകാര്യവകുപ്പിന്റെ (സാങ്കേതിക പരിശോധനാ വിഭാഗം) 19.09.2016-

ലെ 78/2016 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. സാങ്കേതികമായി സൈറ്റിൽ ആവശ്യമില്ലാത്തതും ഉയർന്ന മൂല്യമുള്ളതുമായ ഇനങ്ങൾ ഉൾപ്പെടുത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും തന്മൂലം പൊതുപണത്തിന്റെ ദുർവ്യയത്തിന് കാരണമാകുന്നുവെന്നും അതിനാൽ സ്റ്റാൻഡേർഡ് ഡാറ്റയിലെ ഇനങ്ങളുടെ നിരക്ക് വിശകലനം ചെയ്യും താരതമ്യം ചെയ്യും ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തി വേണം എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതെന്ന് പ്രസ്തുത പരിപത്രത്തിന്റെ 6-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുണ്ട്.സിമന്റ് കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമാണത്തിന് CC-1:3:6-(M10)-ന് പകരം CC-1:2:4-(M15) ഉപയോഗിക്കുന്ന പ്രവണതയാണ് പ്രസ്തുത കണ്ടെത്തൽ സാധൂകരിക്കാൻ പരിപത്രത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ പ്രസ്തുത നിർദ്ദേശം നിലനിൽക്കെ, തൻവർഷം ഏറ്റെടുത്ത സംരക്ഷണഭിത്തി നിർമാണ പ്രവൃത്തിക്ക് ഇതേ രീതിയിൽ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നടപ്പാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം./പേര് | എസ് 192/21 എസ്. വളവ് പള്ളംപടി റോഡ് |
| അടങ്കൽ | ₹10,00,000/- ( വികസന ഫണ്ട് -പൊതുവിഭാഗം, പ്രളയ ദുരിതാശ്വാസം) |
| PAC | ₹8,88,031/- |
| കരാറുകാരൻ | ശ്രീ. നൗഷാദ് പി. എസ്. |
| കരാർ നം./തീയതി | 6/AE/LSGD/VTY/2020-21 തീ. 16.07.2020 |
| അളവ് പുസ്തകം | 363/19-20 |
| ആകെ വേലമൂല്യം | ₹8,88,031/- |
| ബിൽ വിശദാംശങ്ങൾ | ആകെ വേലമൂല്യം :- ₹8,88,031/-<br>(+) GST 12% :- ₹1,06,564/-<br>ആകെ :- ₹9,94,594/-<br>നികുതികൾ :- ₹35,520/-<br>പരിമിതപ്പെടുത്തി പിൻവലിച്ച തുക :- ₹5,35,520/- (500000 + 35520 )<br>ബിൽ നം. 20101252010500651546/തീ.22.10.2020<br>(ബിൽ നം. 63/2020-21 തീ. 27.10.2021 )<br>₹4,59,074/- (ബിൽ നം. 94/2020-21 തീ. 27.02.2021 ) |

22.5 മീറ്റർ നീളത്തിലും 1.10 മീറ്റർ ഉയരത്തിലും സിമന്റ് കോൺക്രീറ്റ് സംരക്ഷണ ഭിത്തി നിർമിക്കുകയാണ് പ്രസ്തുത പ്രോജക്ടിലൂടെ നടന്നിട്ടുള്ളത്. ഇനം 2 പ്രകാരമുള്ള ഫൗണ്ടേഷൻ കോൺക്രീറ്റിംഗ് M10-(CC - 1:3:6) സ്പെസിഫിക്കേഷൻ (MORD Specification Code നം. 11.4.1.1) അനുസരിച്ചുള്ള നിരക്കിലാണ് നടപ്പാക്കിയത്. എന്നാൽ അതിന് മുകളിലായി ഇനം 3 ആയി ചെയ്ത സൂപ്പർ സ്ട്രക്ചർ കോൺക്രീറ്റിംഗിന് M15-(CC-1:2.5:5) സ്പെസിഫിക്കേഷൻ (കോഡ് 12.2.1.1) നിരക്കാണ് അനുവദിച്ചത്. ചെയ്ത അളവുകളും അതിന് നൽകിയ നിരക്കുകളും ചുവടെ ചേർക്കുന്നു.

അളവുകൾ

| ഇന നം. | ഇനം | ചെയ്ത അളവുകൾ | ആകെ അളവ് |
|---|---|---|---|
| 1 | കോഡ് നം. 11.4.1.1 ഫൗണ്ടേഷൻ കോൺക്രീറ്റിംഗ് M10 (CC 1 : 3 : 6 ) | 22.50 M X 3.60m X0.15 M | 12.150m3 |
| | | 22.50 M X 3.40m X0.15 M | 11.475m3 |
| 2 | കോഡ് 12.2.1.1<br>സൂപ്പർ സ്ട്രക്ചർ കോൺക്രീറ്റിംഗ്<br>M15 (CC 1 : 2.5 : 5 ) | 22.50mx(3.2m + 2.975m) /2 X 1 M | 69.469m3 |

നൽകിയ നിരക്കുകൾ

| ഇന നം. | ഇനം | ആകെ ചെയ്ത അളവ് | നൽകിയ നിരക്ക് | ആകെ നൽകിയ തുക |
|---|---|---|---|---|
| 1 | കോഡ് നം. 11.4.1.1 ഫൗണ്ടേഷൻ കോൺക്രീറ്റിംഗ് M 10 ( CC 1 : 3 : 6 ) | 12.150 M3 | 7900/M3 | ₹186638 |
| | | 11.475 M3 | | |
| 2 | കോഡ് 12.2.1.1<br>സൂപ്പർ സ്ട്രക്ചർ കോൺക്രീറ്റിംഗ്<br>M 15 ( CC 1 : 2.5 : 5 ) | 69.469 M3 | 8175/M3 | ₹567909 |

ധനകാര്യ വകുപ്പിന്റെ മേൽ പരാമർശിത പരിപത്രം അനുസരിച്ച് സംരക്ഷണഭിത്തി നിർമാണത്തിന് M10 കോൺക്രീറ്റ് മാത്രമാണ് ആവശ്യമായിരുന്നത്. ആകയാൽ ഇനം നമ്പർ 2-ന് അനുവദിച്ചത് അധിക നിരക്കാണ്. അർഹമായതും അനുവദിച്ചതുമായ തുക ചുവടെ നിർണയിക്കുന്നു.

| | |
|---|---|
| അനുവദിച്ച തുക 8175/M3 X 69.469 M3 | ₹567909 |
| അർഹമായ തുക 7900/M3 X 69.469 M3 | ₹548805 |
| അധികം നൽകിയ തുക | ₹19104 |

എസ്റ്റിമേറ്റ് തയ്യാറാക്കുന്ന വേളയിൽ ഇനം തെരഞ്ഞെടുത്തതിൽ വന്ന പിശക് മൂലം അധികച്ചെലവ് വന്നതിന് ഉത്തരവാദി എസ്റ്റിമേറ്റ് തയ്യാറാക്കിയ എൻജിനീയറാണ്. എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധന നടത്തി സാങ്കേതിക അനുമതി നൽകിയ അസി. എക്സി. എൻജിനീയർക്കും ഈ വിഷയത്തിൽ തുല്യ ഉത്തരവാദിത്തമുണ്ട്. ആകയാൽ പഞ്ചായത്ത് ഫണ്ടിന് സംഭവിച്ച നഷ്ടം (₹19,104/-) ഉത്തരവാദികളായ അസി. എൻജിനീയർ ശ്രീ. ടി. യു. ഏലിയാസ്, അസി. എക്സി. എൻജിനീയർ ശ്രീ. കെ. പി. വിജയൻ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

(ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/തീ.17.08.2021)മറുപടി ലഭ്യമാക്കിയില്ല).

1-22 ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ -വിതരണ ഏജൻസി ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിന് ഹോംകോ-യ്ക്ക് ₹3,00,000/- കൈമാറിയെങ്കിലും നാളിതുവരെ ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് നം, പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക ₹ | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം ₹ | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക ₹ |
|---|---|---|---|---|---|
| ഹോമിയോ മെഡിക്കൽ ഓഫീസർ എസ്. 011/21 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ | ഹോംകോ ആലപ്പുഴ | 300000 | NEFT മുഖേന സ്ഥാപനത്തിന് എസ്.ബി.ഐ ആലപ്പുഴ കൈചൂണ്ടി ശാഖയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 11.11.2020-ൽ ട്രാൻസ്ഫർ ചെയ്തു. | 235353 | 64647 |

ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്ലാൻ ഫണ്ട് അക്കൌണ്ടും തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ അക്കൌണ്ടുകളും നിലനിർത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ പ്ലാൻ 1693 എന്ന പേരിൽ യൂണിയൻ ബാങ്കിൽ ഒരു അക്കൗണ്ട് (450210101) നിലനിർത്തി ഇടപാടുകൾ നടത്തി വരുന്നതായി കണ്ടു. ആയതിൽ പ്രൊവിഡന്റ് ഫണ്ട്, ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം ഉടങ്ങിയവയുടെ ഇടപാടുകൾ നടത്തി വരുന്നുണ്ട്. 01.04.2019-ന് പ്രസ്തുത അക്കൗണ്ടിൽ ₹25,63,807/- പ്രാരംഭ ബാക്കിയും 31.03.2021-ന് ₹21,20,058/- നീക്കിബാക്കിയുമുണ്ട് (രണ്ട് വർഷത്തിലായി ₹4,43,749/-യുടെ കറവ്). തൻവർഷം ₹2,77,883/- പിൻവലിച്ചിട്ടുണ്ട്. തനത് ഫണ്ടാണ് എന്ന് ഗ്രാമ പഞ്ചായത്തിൽ നിന്ന് അറിയിച്ചെങ്കിലും ഉപോൽബലകമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മുൻ വർഷങ്ങളിൽ വികസന ഫണ്ട് പോലെയുള്ള ഫണ്ടുകളുപയോഗിച്ചുള്ള പദ്ധതികളുടെ നടത്തിപ്പിനായി താത്കാലികമായി തുക നിക്ഷേപിക്കുന്നതിന് മാത്രമായിട്ടാണ് ഇപ്രകാരമുള്ള പ്ലാൻ അക്കൌണ്ടുകൾ സാധാരണയായി നിലനിർത്തിയിരുന്നത്. നടത്താത്തതും നടത്തിപ്പിന് ശേഷം ബാക്കി തുക വരുന്നതുമായ പദ്ധതികളുടെ തുകകൾ മാത്രമാണ് പ്രസ്തുത അക്കൌണ്ടിൽ ശേഷിക്കുന്നത്. അപ്രകാരമുള്ള തുകകൾ ഗവൺമെന്റിൽ തിരിച്ചടക്കേണ്ടതാണെന്ന് വ്യക്തമായ നിർദ്ദേശവുമുണ്ടായിരുന്നതിനാൽ ബാക്കി വരുന്ന തുകകൾ കൃത്യമായി തിരിച്ചടവ് വരുത്താത്തത് ക്രമവിരുദ്ധമാണ്.

ഉപോൽബലകമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത അക്കൌണ്ട് തനത് ഫണ്ടിന്റെ തന്നെയാണെന്ന് ഉറപ്പാക്കാനാവില്ല. ഗവൺമെന്റിൽ തിരിച്ചടയ്ക്കാതെ അക്കൌണ്ടിൽ തുക നിലനിർത്തുന്നതിന്റെയും ഇടപാടുകൾ നടത്തുന്നതിന്റെയും കാരണം അന്വേഷിച്ചെങ്കിലും (എൻക്വയറി. 6/17.08.2021) മറുപടി ലഭിച്ചില്ല.

തനത് ഫണ്ടിന് ഒരു അക്കൌണ്ട് മാത്രം നിർനിർത്താവൂ എന്ന് സർക്കാർ നിർദ്ദേശത്തെ (സർക്കുലർ നം.58725/എഫ്.എം.3/2008/തസ്വഭവ./26.05.2011) മറികടന്ന്, മേൽ സൂചിത പ്ലാൻ അക്കൌണ്ടും ഇ-പേയ്മെന്റ് അക്കൗണ്ടും കൂടാതെ, രണ്ട് ബാങ്ക് അക്കൗണ്ടുകൾ (SCB Own Fund. 4754/2658, IDCB Murickassery Own Fund) നില നിർത്തുന്നതിന്റെയും കാരണം വ്യക്തമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിച്ച് തനത് ഫണ്ട് ഇടപാടുകൾക്ക് വേണ്ടി ഒരു അക്കൗണ്ടായി ചുരുക്കേണ്ടതാണ്. പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 തെരുവ് വിളക്ക് മെയിന്റനൻസ്

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് | തെരുവ് വിളക്ക് മെയിന്റനൻസ് |
| പ്രോജക്ട് നം | 229/19 ₹4,25,000/-<br>164/20 ₹1,75,000/-<br>144/21 ₹1,50,000/- |
| ബിൽ റഫറൻസ് നം./വൗച്ചർ നം. | 1) 18101252012901019734/31.01.2019, ₹87,500/-<br>2) 18101252012901143716/31.01.2019, ₹87,500/-<br>3) 21901105/31.03.20, ₹25,000/-<br>4) 20101252012900138275/11.04.20, ₹1,25,000/- |

തെരുവ് വിളക്ക് മെയിന്റനൻസിനായി 2018-19ൽ ആരംഭിച്ച പദ്ധതി 2020-21 വർഷമാണ് അവസാന ഗഡു തുകകൾ നൽകിയിരിക്കുന്നത്. ₹1,75,000/-അടങ്കലിൽ 2019-20ൽ പദ്ധതി തയ്യാറാക്കി അംഗീകരിച്ച് മേൽ 3-ാം ക്രമ നമ്പർ ബില്ല് പ്രകാരം ₹25,000/- നൽകിയിരിക്കുന്നു. 2019-20 ഫയലിൽ മെയിന്റനൻസ് നടത്തിയതായി വിവിധ വാർഡ് മെമ്പർമാരുടെ കത്തുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. 2020-21 വർഷം പദ്ധതിക്കായി ₹1,25,000/- ചെലവഴിച്ചിരിക്കുന്നു. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കൂടാതെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് യാതൊരു കണക്കും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽ എന്തിന്റെ അടിസ്ഥാനത്തിലാണ് വകയിരുത്തൽ നടത്തിയത് എന്ന് വ്യക്തമല്ല.

2. പ്രോജക്ടുകളിലൊന്നും തന്നെ മെയിന്റനസ് നടത്തേണ്ട ലൈറ്റുകളുടെ എണ്ണം, തരം എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. ചെയ്യേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നില്ല.

3. ആദ്യ രണ്ട് ബില്ലുകൾ പ്രകാരം 2018-19 വർഷം തന്നെ ₹1,75,000/- നൽകിയിരിക്കുന്നു. ഈ തുക നൽകുന്നതിന് ആധാരമായി നടപ്പാക്കിയ പ്രവൃത്തി എന്തെന്ന് ഫയലിൽ യാതൊരു രേഖയും ഉൾപ്പെടുത്തിയിട്ടില്ല.

4. പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് ശരിയായ മോണിട്ടറിംഗ് നടത്താതെ 'തെരുവ് വിളക്കുകളെല്ലാം പ്രവർത്തിക്കുന്നുണ്ട് ' എന്ന് വാർഡ് മെമ്പർമാർ തയ്യാറാക്കി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തുകകൾ കൈമാറിയിരിക്കുന്നത്.

പദ്ധതി നടത്തിപ്പിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാനും ശരിയായ കണക്കെടുപ്പുകളുടെ അടിസ്ഥാനത്തിൽ തുക വകയിരുത്താനും പദ്ധതികൾ തയ്യാറാക്കുമ്പോൾ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും ശരിയായ മോണിട്ടറിംഗ് നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

### 1-25 ഷോപ്പിംഗ് കോംപ്ലക്സ് നിർമാണത്തിലെ അപാകതകൾ- ഉദ്ഘാടനം പോലും കഴിയാത്ത ബഹുനില കെട്ടിടം ചോർന്നൊലിക്കുന്നു

മുരിക്കാശ്ശേരി ടൗണിലെ ബസ് സ്റ്റാന്റിൽ ഒരു ബഹുനില ഷോപ്പിംഗ് കോംപ്ലക്സ് നിർമിക്കുന്നതിന് 2014-15-ൽ ആവിഷ്ക്കരിച്ച ബൃഹത് പദ്ധതി സംബന്ധിച്ച പരാമർശങ്ങൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നതാണ്. കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്ന് സ്വീകരിച്ച ₹2,80,00,000/-, തനത് ഫണ്ടിൽ നിന്ന് വകയിരുത്തിയ ₹20,00,000/- ഉൾപ്പെടെ 3 കോടി രൂപ അടങ്കലുള്ള പ്രോജക്ടിന്റെ സ്ട്രക്ചർ വരെയുള്ള നിർമ്മാണ ചുമതല സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനായിരുന്നു. പൂർത്തീകരണ കാലാവധി 2 വർഷമായിരുന്നുവെങ്കിലും 2018-19 സാമ്പത്തിക വർഷമാണ് പ്രവൃത്തികൾ പൂർത്തീകരിച്ചത് (ആകെ ചെലവ് ₹2,48,95,078/-). ഇതിന്റെ പൂർത്തീകരണത്തിനാവശ്യമായ ഇനങ്ങൾ - പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, വയറിംഗ്, പെയിന്റിംഗ്, റോളിംഗ് ഷട്ടർ, ഹാന്റ് റെയിൽ, യാത്രക്കാർക്കുള്ള കസേരകൾ തുടങ്ങിയവ സ്ഥാപിക്കൽ, എന്നിവ ഉൾപ്പെടുത്തി തൻവർഷം 93 ലക്ഷം രൂപ അടങ്കലിൽ ഒരു പ്രോജക്ട് തയ്യാറാക്കുകയും (എസ്.143/2021 ) ₹92,18,001/- ചെലവഴിച്ച് നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഭൂനിരപ്പിന് മുകളിൽ രണ്ടു നിലയും താഴെ ഒരു നിലയുമുള്ള പ്രസ്തുത കെട്ടിടത്തിൽ ആകെ 10 കട മുറികളും സജ്ജീകരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയായെങ്കിലും കട മുറികളുടെ ലേല നടപടികൾ പൂർത്തിയായിട്ടില്ല. ഓഡിറ്റ് വേളയിൽ ഷോപ്പിംഗ് കോംപ്ലക്സ് സമുച്ചയം നേരിൽ പരിശോധിക്കുകയുണ്ടായി. നിർമ്മാണത്തിൽ ഗുരുതരമായ പാളിച്ചകൾ സംഭവിച്ചതായി പരിശോധനയിൽ കണ്ടെത്തി. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കെട്ടിടത്തിന്റെ ബീമുകൾക്കിടയിലുള്ള എക്സ്പാൻഷൻ ജോയിന്റ് ശാസ്ത്രീയമായി കവർ ചെയ്യാത്തതിനാൽ മഴവെള്ളം മുറികളിലേക്ക് ചോർന്നൊലിയ്ക്കുന്നു.

2. ജനലിന് ഷെയ്ഡിനുള്ള പ്രൊവിഷൻ നൽകാതിരുന്നതിനാൽ ഒരു ഭാഗത്തെ ഭിത്തി നനഞ്ഞ് പായൽ പിടിച്ച അവസ്ഥയിലാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിയ വേളയിലും മേൽനോട്ട സമയത്തും കണ്ടെത്തി പരിഹരിക്കുന്നതിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഭാഗത്തുനിന്ന് ഗുരുതരമായ വീഴ്ചയുണ്ടായി.

3. റൂഫ് സ്ലാബിലെ പെയിന്റിംഗ് മിക്ക ഭാഗത്തും അടർന്ന് വീണതായി കാണുന്നു. യഥാവിധി ക്യൂറിംഗ് നടത്തി ഉണങ്ങുന്നതിന് മുൻപ് ധൃതിയിൽ പെയിന്റിംഗ് വേലകൾ പൂർത്തീകരിച്ചതിനാലാണ് പ്രസ്തുത അപാകത സംഭവിച്ചതെന്ന് അനുമാനിക്കാവുന്നതാണ്.

4. കെട്ടിടത്തിന്റെ മുകൾവശത്ത് 1:3 അനുപാതത്തിൽ 9mm കനത്തിൽ പ്ലാസ്റ്ററിംഗ് നടത്തി ജല ബഹിർഗമനം ഉറപ്പാക്കേണ്ടിയിരുന്നുവെങ്കിലും അനിവാര്യമായ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. തത്ഫലമായി മേൽക്കൂരയിൽ വെള്ളം കെട്ടിക്കിടന്ന് മുറികൾക്കുള്ളിലേക്ക് ചോർന്നൊലിയ്ക്കുന്നു. പ്രസ്തുത ഇനം കൂടി ചെയ്തുവെന്ന് രേഖപ്പെടുത്തിയാണോ ഫൈനൽ ബിൽ നൽകിയതെന്ന് അളവ് പുസ്തകത്തിന്റെ അഭാവത്തിൽ സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല.

കോടികൾ ചെലവഴിച്ചതും ഉദ്ഘാടനം പോലും കഴിഞ്ഞിട്ടില്ലാത്തതുമായ കെട്ടിടത്തിന്റെ നിലവിലെ ഈ അവസ്ഥ ഒട്ടും തന്നെ അംഗീകരിക്കാവുന്നതല്ല. പൊതുപണം കൈകാര്യം ചെയ്യുമ്പോൾ സ്വകാര്യ ധനം കൈകാര്യം ചെയ്യുന്ന അതേ ഔചിത്യവും വിവേകവും പ്രകടിപ്പിക്കണമെന്ന കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുച്ഛേദം 40(ബി)-യിലെ നിർദ്ദേശം പാടേ അവഗണിച്ചുള്ള ധന വിനിയോഗം ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. അനിവാര്യമായ പ്രവൃത്തികൾ തൃപ്തികരമായി നടന്നുവെന്ന് ഉറപ്പാക്കേണ്ടത് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ ചുമതലയാണെന്നിരിക്കെ ഇത്തരത്തിൽ അശാസ്ത്രീയവും അപൂർണവുമായ നിർമ്മാണത്തിന് പ്രതിഫലം അനുവദിച്ച നടപടി ക്രമപ്രകാരമുള്ളതല്ല. സ്ട്രക്ചർ നിർമ്മാണ വേളയിലാണ് മേൽ പരാമർശിച്ച പ്രവൃത്തികൾ അപാകതകൾ സംഭവിച്ചിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ 25.11.2019-ലെ ജി.ഒ(പി)161/2019 നമ്പർ ഉത്തരവനുസരിച്ച് പുതുതായി നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളുടെ Defect Liability Period 60 മാസമാണ്. പ്രസ്തുത കെട്ടിടത്തിന് നിർമ്മാണത്തിലെ പിഴവും ഗ്യാരന്റി കാലയളവിൽ സംഭവിച്ച അപാകങ്ങളും പരിഹരിക്കുന്നതിനുള്ള ബാധ്യത നിർവ്വഹണ ഏജൻസിയായ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനുള്ളതാണ്. നിലവിൽ പഞ്ചായത്ത് കാര്യാലയം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് റവന്യൂ ടവർ നിർമിക്കുവാൻ പ്രോജക്ട് ആവിഷ്ക്കരിച്ചിട്ടുള്ളതിനാൽ താമസംവിനാ ഷോപ്പിംഗ് കോംപ്ലക്സിലേക്ക് പ്രവർത്തനം മാറ്റുന്നതിന് തീരുമാനിച്ചിട്ടുള്ളതായി അധികൃതരിൽനിന്ന് അറിയാൻ കഴിഞ്ഞു. നിലവിലെ അവസ്ഥയിൽ അത് സാധ്യമാകുന്നതിന് പരിമിതിയുണ്ട്. അടിയന്തിരമായി നിർമ്മിതി കേന്ദ്രത്തിന് നോട്ടീസ് നൽകി നിർമ്മാണത്തിലെ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതും അതിനുവേണ്ടി പഞ്ചായത്ത് ഫണ്ട് വിനിയോഗിക്കപ്പെടുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. (നിർമാണപ്പിഴവിന്റെ ചില ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.)

<u>വാത്തിക്കുടി ഗ്രാമപഞ്ചായത്ത് – ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, മുരിക്കാശേരി</u>







1-26 കോവിഡുമായി ബന്ധപ്പെട്ട ചെലവുകൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 20.03.2020 ലെ ജി.ഒ.(ആർ.ടി.) നം.686/2020/എൽ.എസ്.ജി.ഡി.(ഡിസി) ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19മായി ബന്ധപ്പെട്ട് വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ സ്ഥിതി വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സെക്രട്ടറിയുടെ 30.3.2020 ലെ നടപടിക്രമങ്ങൾ പ്രകാരം പഞ്ചായത്ത് തലത്തിൽ വാർ റൂം രൂപീകരിക്കുകയും ജീവനക്കാർ നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയെ ഫലപ്രദമായി നേരിടുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യഥാസമയം തന്നെ രോഗ നിർണയം നടത്തുന്നതിനും രോഗികളെ കോവിഡ് കെയർ സെന്ററുകളിലേക്ക് എത്തിച്ച് വേണ്ട പരിചരണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി CFLTC സജ്ജീകരിക്കുകയും ഗുരുതരാവസ്ഥയില്ലുള്ള രോഗികളെ ഇടുക്കി മെഡിക്കൽ കോളേജിലെ കോവിഡ് വാർഡുകളിലേക്കും മാറ്റുന്ന പ്രവർത്തനം യഥാവിധി നടന്നിട്ടുണ്ട്. രോഗികളുടെ ഹോം ക്വാറന്റൈനിലായ ബന്ധുക്കൾ, CFLTC, FLTC എന്നിവയിൽ അഡ്മിറ്റ് ചെയ്ത രോഗികൾ, കോവിഡ് വോളന്റിയർമാർ തുടങ്ങിയവരുടെ ഭക്ഷ്യ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചനുകളും രൂപീകരിക്കുകയുണ്ടായി. കോവിഡുമായി ബന്ധപ്പെട്ട് 20യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നല്കിയിട്ടുണ്ട്.ഗുരുതര രോഗ ബാധിതർക്ക് മരുന്ന വാങ്ങി നല്കുന്നതിന് തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്ന് ലഭിച്ച ₹500000/- യിൽ നിന്നുള്ള 9750/-യുടെ ചെലവുൾപ്പെടെ ഗ്രാമപഞ്ചായത്ത് നാളിതുവരെ ₹271006യാണ് ചെലവഴിച്ചിട്ടുള്ളത്. അനൗൺസ്മെന്റ് ,ഫേസ് മാസ്ക്,സാനിറ്റൈസർ,പില്ലോ,ഫോഗ്ഗിംങ്ങ് ചാർജ്ജ്,സ്റ്റേഷനറി,ഫേസ് ഷീൽഡ്,തെർമൽ സ്കാനർ ,വാഹനവാടക എന്നിവയാണ് മേൽ ചെലവിൽ ഉൾപ്പെട്ടിട്ടുള്ളത്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

3-1 സാങ്കേതികമായി ആവശ്യമില്ലാത്തതും ഉയർന്ന നിരക്കുള്ളതുമായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ധനകാര്യ വകുപ്പിന്റെ (സാങ്കേതിക പരിശോധനാ വിഭാഗം) 19.09.2016-ലെ 78/2016 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. സാങ്കേതികമായി സൈറ്റിൽ ആവശ്യമില്ലാത്തതും ഉയർന്ന മൂല്യമുള്ളതുമായ ഇനങ്ങൾ ഉൾപ്പെടുത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും തന്മൂലം പൊതുപണത്തിന്റെ ദുർവ്യയത്തിന് കാരണമാകുന്നുവെന്നും അതിനാൽ സ്റ്റാന്റേഡ് ഡാറ്റായിലെ ഇനങ്ങളുടെ നിരക്ക് വിശകലനം ചെയ്തും താരതമ്യം ചെയ്തും ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തി വേണം എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതെന്ന് പ്രസ്തുത പരിപത്രത്തിന്റെ 6-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുണ്ട്. സിമന്റ് കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമാണത്തിന് CC 1 : 3 : 6 (M10)-ന പകരം CC 1 : 2 : 4 (M15) ഉപയോഗിക്കുന്ന പ്രവണതയാണ് പ്രസ്തുത കണ്ടെത്തൽ സാധൂകരിക്കാൻ പരിപത്രത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ പ്രസ്തുത നിർദ്ദേശം നിലനിൽക്കെ, തൻവർഷം ഏറ്റെടുത്ത സംരക്ഷണ ഭിത്തി നിർമാണ പ്രവൃത്തിക്ക് ഇതേ രീതിയിൽ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നടപ്പാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./ പേര് | എസ് 192/21 – എസ്. വളവ് പള്ളംപടി റോഡ് |
| അടങ്കൽ | ₹10,00,000/- ( വികസന ഫണ്ട് – പൊതുവിഭാഗം, പ്രളയദുരിതാശ്വാസം) |
| PAC | ₹8,88,031/- |
| കരാറുകാരൻ | ശ്രീ. നൗഷാദ് പി. എസ്. |
| കരാർ നം./ തീയതി | 6/AE/LSGD/VTY/2020-21 തീ. 16.07.2020 |
| അളവ് പുസ്തകം | 363/19-20 |
| ആകെ വേലമൂല്യം | ₹8,88,031/- |
| ബിൽ വിശദാംശങ്ങൾ | ആകെ വേല മൂല്യം :- ₹8,88,031 /-<br>(+) GST 12% :- ₹1,06,564 /-<br>ആകെ :- ₹9,94,594 /-<br>നികുതികൾ :- ₹35,520 /-<br>പരിമിതപ്പെടുത്തി പിൻവലിച്ച തുക :- ₹5,35,520 /- (500000 + 35520 )<br>ബിൽ നം. 2010125201050065l546/തീ. 22.10.2020<br>(ബിൽനം. 63/2020-21 തീ. 27.10.2021 )<br>₹4,59,074/- (ബിൽ നം. 94/2020-21, തീ. 27.02.2021 ) |

22.5 മീറ്റർ നീളത്തിലും 1.10 മീറ്റർ ഉയരത്തിലും സിമന്റ് കോൺക്രീറ്റ് സംരക്ഷണ ഭിത്തി നിർമ്മിക്കുകയാണ് പ്രസ്തുത പ്രോജക്ടിലൂടെ നടന്നിട്ടുള്ളത്. ഇനം 2 പ്രകാരമുള്ള ഫൗണ്ടേഷൻ കോൺക്രീറ്റിംഗ് M10 ( CC 1 : 3 : 6 ) സ്പെസിഫിക്കേഷൻ (MORD Specification Code നം. 11.4.1.1) അനുസരിച്ചുള്ള നിരക്കിലാണ് നടപ്പാക്കിയത്. എന്നാൽ അതിന് മുകളിലായി ഇനം 3 ആയി ചെയ്ത സൂപ്പർ സ്ട്രക്ചർ കോൺക്രീറ്റിംഗിന് M15 (

CC 1 : 2.5 : 5 ) സ്പെസിഫിക്കേഷൻ (കോഡ് 12.2.1.1 ) നിരക്കാണ് അനുവദിച്ചത്. ചെയ്ത അളവുകളും അതിന് നൽകിയ നിരക്കുകളും ചുവടെ ചേർക്കുന്നു

അളവുകൾ

| ഇന നമ്പർ | ഇനം | ചെയ്ത അളവുകൾ | ആകെ അളവ് |
|---|---|---|---|
| 1 | കോഡ് നം. 11.4.1.1<br>ഫൗണ്ടേഷൻ കോൺക്രീറ്റിംഗ്<br>M10 ( CC 1 : 3 : 6 ) | 22.50 M X 3.60 M X 0.15 M | 12.150 M3 |
| | | 22.50 M X 3.40 M X 0.15 M | 11.475 M3 |
| 2 | കോഡ് 12.2.1.1<br>സൂപ്പർ സ്ട്രക്ചർ കോൺക്രീറ്റിംഗ്<br>M15 ( CC 1 : 2.5 : 5 ) | 22.50 M X ( 3.2m + 2.975m )/2 X 1 M | 69.469 M3 |

നൽകിയ നിരക്കുകൾ

| ഇന നമ്പർ | ഇനം | ആകെ ചെയ്ത അളവ് | നൽകിയ നിരക്ക് | ആകെ നൽകിയ തുക ₹ |
|---|---|---|---|---|
| 1 | കോഡ് നം. 11.4.1.1<br>ഫൗണ്ടേഷൻ കോൺക്രീറ്റിംഗ്<br>M 10 ( CC 1 : 3 : 6 ) | 12.150 M3<br>11.475 M3 | 7900/M3 | 186638 |
| 2 | കോഡ് 12.2.1.1<br>സൂപ്പർ സ്ട്രക്ചർ കോൺക്രീറ്റിംഗ്<br>M 15( CC 1 : 2.5 : 5 ) | 69.469 M3 | 8175/M3 | 567909 |

ധനകാര്യവകുപ്പിന്റെ മേൽപരാമർശിത പരിപത്രം അനുസരിച്ച് സംരക്ഷണ ഭിത്തി നിർമാണത്തിന് M10 കോൺക്രീറ്റ് മാത്രമാണ് ആവശ്യമായിരുന്നത്. ആകയാൽ ഇനം നമ്പർ 2-ന് അനുവദിച്ചത് അധിക നിരക്കാണ്. അർഹമായതും അനുവദിച്ചതുമായ തുക ചുവടെ നിർണയിക്കുന്നു.

| | |
|---|---|
| അനുവദിച്ച തുക ₹8175/M3 X 69.469 M3 | ₹567909 |
| അർഹമായ തുക ₹7900/M3 X 69.469 M3 | ₹548805 |
| അധികം നൽകിയ തുക | ₹19104 |

എസ്റ്റിമേറ്റ് തയ്യാറാക്കുന്ന വേളയിൽ ഇനം തെരഞ്ഞെടുത്തതിൽ വന്ന പിശക് മൂലം അധികച്ചെലവ് വന്നതിന് ഉത്തരവാദി എസ്റ്റിമേറ്റ് തയ്യാറാക്കിയ എൻജിനിയറാണ്. എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധന നടത്തി സാങ്കേതിക അനുമതി നൽകിയ അസി. എക്സി. എൻജിനിയർക്കും ഈ വിഷയത്തിൽ തുല്യ ഉത്തരവാദിത്തമുണ്ട്. ആകയാൽ പഞ്ചായത്ത് ഫണ്ടിന് സംഭവിച്ച നഷ്ടം (₹19,104/-) ഉത്തരവാദികളായ അസി. എൻജിനിയർ ശ്രീ. ടി. യു. ഏലിയാസ്, അസി. എക്സി. എൻജിനിയർ ശ്രീ. കെ. പി. വിജയൻ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

(ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/തീ.17.08.2021) മറുപടി ലഭ്യമാക്കിയില്ല).

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തൻവർഷം ലഭിച്ച തുക₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1353762 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി | 1353762 | 0 |
| | 265000 | ലൈഫ് ഭവന നിർമ്മാണം (എസ്. ടി) | 265000 | 0 |
| ജില്ലാ പഞ്ചായത്ത് | 700000 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി (സ്പിൽ ഓവർ) | 700000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/ വൗച്ചർ നം | മുൻകൂർ നൽകിയ ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കി ₹ |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് | പഞ്ചായത്ത്ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരണം | 132092 | 0 | 132092 |

### 4-4 മൊബിലൈസേഷൻ മുൻകൂർ വിവരം

നൽകിയിട്ടില്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം ലഭിച്ച തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | മുതൽ |
| ജവഹർ ഭവന | സ.ഉ(സാധാ) | 20550000 | 12486126 | 0 | 2200000 | 860170 | 10286126 |

| | | | | | | | |
|---|---|---|---|---|---|---|---|
| പദ്ധതി | നം.1577/15/ ത.സ്വ.ഭ.വ തീ. 27.07.2015 | | | | | | |
| കെ.യു.ആർ. ഡി.എഫ്.സി.– ലൈഫ് ഭവന പദ്ധതി | | | 35480823 | 698000 | 1862015 | | 34316808 |
| കെ.യു.ആർ. ഡി.എഫ്.സി.– ഷോപ്പിംഗ് കോംപ്ലക്സ് | ത.സ്വ.ഭ.വ. സ.ഉ.(സാധാ) നം.1284/04/ തീ. 29.04.2015 | 19666731 | 12679102 | 0 | 2809536 | 1246188 | 9869566 |

ജവഹർ ഭവനവായ്പ ഇനത്തിൽ തൻവർഷം ഒടുക്കിയ ₹22,00,000/- വാർഷിക ധനവിവര പത്രികയിൽ കുറവ് ചെയ്തിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹50,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ തുക | ₹50,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹50,00,000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 0 |

വർഷാവസാനം സ്ഥിര നിക്ഷേപം അവശഷിക്കുന്നില്ല.

## 4-7 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 30 | 1999-2000 | | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് - സാമ്പത്തികാനുകൂല്യം നല്കിയതിൽ ക്രമക്കേടുകൾ | ലഭ്യമാക്കി യിട്ടില്ല |
| 2003-04 | 3-6 3-7 | 2006-07 | 3.35.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | |
| 2015-16 | 2-2 | 2015-16 | അനുബന്ധം 4 പേജ് 180 | വസ്തുനികുതി അപാകതകൾ | ലഭ്യമാക്കി യിട്ടില്ല |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

### (എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ / തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാര ങ്ങളിൽ ₹ | | ആകെ ലഭിച്ച തുക ₹ | അവശേ ഷിക്കുന്ന തുക ₹ | റി മാ ർ ക്സ് ₹ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| 1 | 2008-09 | 2-3 | സി. സുധാകരൻ | എൽ.എഫ്. 23456/ സ്പെ.സെൽ/ സി.എസ്.സി./ സി-1/12/ 26.05.2015 | 117500 | - | ഇല്ല | - | - | - | 117500 | |

### (ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അട വാക്കിയ തുക (രസീത് നമ്പർ/ തീയതി) | ഈ തുക പഞ്ചായ ത്തിന്റെ ഡിമാ ന്റിൽ ഉൾപ്പെടു ത്തിയി ട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ ₹ | | ആകെ ലഭിച്ച തുക | അവശേ ഷിക്കുന്ന തുക | റിമാർ ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| 1 | 1998-99 | 24 | സെക്രട്ടറി | എൽ.എഫ്. | 2981 | | ഇല്ല | | | | | 2981 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 13409/Spl/ Cell/(SC)02 12.09.2009 | | | | | | | | | |
| 2 | 1998-99 | 27, 29 | ശ്രീമതി. ടി. എൻ. സുബൈദ സെക്രട്ടറി | എൽ.എഫ്. 13409/Spl/ Cell/(SC)02 12.09.2009 | 7595 | | | | | | | 7595 | |
| 3 | 2000-01 | 29(3) | ശ്രീ. ശെൽവരാജ് സെക്രട്ടറി | എൽ.എഫ്. 21921/ സ്പെ. സെൽ എസ്.സി.2004. തീ.03.12.2005 | 9552 | | | | | | | 9552 | |
| 4 | 2000-01 | 27 | ശ്രീ. ശെൽവരാജ് സെക്രട്ടറി | എൽ.എഫ്. 17465/ സ്പെ. സെൽ എസ്.സി.2/2008 തീ.09.06.2009 | 8680 | | | | | | | 8680 | |
| 5 | 2007-08 | 3.13 | ഡോ. ബിനോദ് പി. ജി. വെറ്റി. സർജൻ | എൽ.എഫ്.-7500/ സ്പെ.സെൽ സി.എസ്.സി. 1/2012/ Dt.23.08.2012 | 4800 | | | | | | | 4800 | |
| 6 | 2007-08 | 2.7 | ശ്രീ. ഡി. സുധാകരൻ സെക്രട്ടറി | എൽ.എഫ്.-7500/ സ്പെ.സെൽ സി.എസ്.സി. 1/2012/ Dt.23.08.2012 | 3500 | | | | | | | 3500 | |
| 7 | 1997-98 | 21 | ശ്രീ. കെ. എൻ. അശോകൻ സെക്രട്ടറി | എൽ.എഫ്.- 20430/ സ്പെ.സെൽ/ എസ്.സി.1/2001 Dt.13.12.2001 | 2000 | | | | | | | 2000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹11,82,29,625 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹12,15,06,126 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹5898 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹19,104 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹10,98,004 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-21 & 3-1 | - | 19104 | ശ്രീ ടി. യു. ഏലിയാസ്, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 620000 | ശ്രീ അഭിജിത് ടി. എച്ച്., കൃഷി ഓഫീസർ |
| 1-16 | 45000 | ഡോ. മന, വെറ്റിനറി സർജൻ |
| 1-19 | 433004 | അസി. എഞ്ചിനീയർ |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ടി. യു. ഏലിയാസ് | വിരമിച്ചു | തെക്കേടത്ത് പടമുഖം പി. ഒ. |
| ശ്രീ അഭിജിത് ടി. എച്ച്. | കൃഷി ഓഫീസർ വാത്തിക്കുടി | പേണ്ടാനത്ത് കാഞ്ഞിരമറ്റം, തൊടുപുഴ |
| ഡോ. മന | വെറ്ററിനറി സർജൻ വാത്തിക്കുടി | മാങ്കുഴയ്ക്കൽ പൂഞ്ഞാർ സൗത്ത് പി. ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ | |
|---|---|---|---|
| | | എണ്ണം | നം. |
| 1997-98 | LFI-13/745/18തീ.26.06.18 | 2 | 21, 35 |
| 1998-99 | LFI-13/745/18തീ.26.06.18 | 3 | 24, 27, 29 |
| 1999-00 | LFI-13/745/18തീ.26.06.18 | 1 | 27 |
| | | | |

| | | | |
|---|---|---|---|
| 2000-01 | LFI-13/745/18തീ.26.06.18 | 3 | 27, 28, 29(B) |
| 2001-02 | LFI-13/745/18തീ.26.06.18 | 1 | 2-5(B) |
| 2002-03 | LFI-13/745/18തീ.26.06.18 | 1 | 3 – 5 |
| 2003-04 | LFI-13/745/18 തീ.26.06.18 | 2 | 2-5, 2-7 |
| 2005-06 | LFI-13/745/18 തീ.26.06.18 | 2 | 3-6, 3-7 |
| 2006-07 | LFI-10/1027/09/തീ.03.11.09 | 11 | 2-1, 2-2, 2-3, 2-4,<br>3-1, 3-2, 3-3, 3-4,<br>3-5, 3-6, 3-7 |
| 2007-08 | LFI-13/389/11/തീ. 11.10.11 | 26 | 2-1, 2-2, 2-3, 2-4,<br>2-5, 2-6,2-7, 2-8, 3-1,<br>3-2, 3-3, 3-4,3-5, 3-6,<br>3-7, 3-8, 3-9, 3-10,<br>3-11, 3-12, 3-13, 3-14,<br>3-15, 3-16, 3-17, 3-18 |
| 2008-09 | LFI-13/437/12/തീ.25.09.12 | 29 | 2-1, 2-2, 2-3, 2-4, 2-5,<br>2-6, 2-7, 2-8, 2-9, 3-1,<br>3-2, 3-3, 3-4, 3-5, 3-6,<br>3-7, 3-8, 3-9, 3-10, 3-11,<br>3-12, 3-13, 3-14, 3-15, 3-16,<br>3-17, 3-18, 3-19, 3-20 |
| 2009-10 | LFI-13/566/11/തീ.13.03.12 | 24 | 2-1, 2-2, 2-3, 2-4, 2-5,<br>2-6, 2-7, 3-1, 3-2, 3-3,<br>3-4, 3-5, 3-6, 3-7, 3-8,<br>3-9, 3-10, 3-11,3-12, 3-13,<br>3-14, 3-15, 3-16, 3-17 |
| 2010-11 | LFI-13/1446/ 15 തീ.13.05.16 | 23 | 2-1, 2-2, 2-3, 2-4, 2-5,<br>2-6, 2-7, 2-8, 3-3, 3-4,<br>3-5, 3-6, 3-7, 3-8, 3-9,<br>3-10, 3-11, 3-12, 3-13,<br>3-14, 3-15, 3-16, 3-17 |
| 2011-12 | LFI-13/1158/ 14 തീ.31.12.14 | 22 | 2-1, 2-2, 2-3, 2-4, 2-5,<br>2-6, 3-1, 3-2, 3-3, 3-4,<br>3-5, 3-6, 3-7, 3-8, 3-9,<br>3-10, 3-11, 3-12, 3-13,<br>3-14, 3-15, 3-16 |
| 2012-13 | KSA-IDK-13/801/15 തീ.04.04.16 | 24 | 2-1, 2-2, 2-3, 3-1, 3-2,<br>3-3, 3-4, 3-5, 3-6, 3-7,<br>3-8, 3-10, 3-11, 3-12, 3-13,<br>3-14, 3-15, 3-16, 3-17, 3-18,<br>3-19, 3-20, 3-21 |
| 2013-14 | KSA-IDK-13/187/15 തീ.09.05.16 | 12 | 2-1, 2-2, 2-3, 3-1, 3-2,<br>3-3, 3-4, 3-5, 3-6<br>, 3-7, 3-8, 3-9 |
| 2014-15 | KSA-IDK-13/1141/16/തീ.04.02.17 | 14 | 2-1, 2-2, 2-3, 2-4, 2-5,<br>2-6, 3-1, 3-2, 3-3, 3-4,<br>3-5, 3-6,3-7, 3-8 |
| 2015-16 | KSA-IDK-13/440/17 തീ.18.04.17 | 9 | 1-12, 2-2, 2-3, 2-4, 3-1,<br>3-2, 3-3, 3-4, 3-5 |
| 2016-17 | KSA-IDK-13/1269/17 തീ.20.02.18 | 23 | 1-12, 2-1, 2-2, 2-3, 2-5,<br>2-6, 3-1, 3-2, 3-3, 3-4,<br>3-5, 3-6, 3-7, 3-8, 3-10,<br>3-11, 3-12, 3-13,<br>3-14, 3-16, 3-17 |
| 2017-18 | KSA.IDK-13/1224/18/10.12.2018 | 8 | 2-1, 2-2, 3-1, 3-2, 3-4,<br>3-5, 3-7, 3-9 |

| | | | |
|---|---|---|---|
| 2018-19 | KSA.IDK-13/985/19/3.01.2020 | 20 | 1-12 മുതൽ 1-30 വരെ<br>3-1, |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്